"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട കടുവാക്കുഴി, കുന്നുംപുറത്ത് വീട്ടിൽ ശ്രീമതി. ലേഖ എൽ-ന് മുൻഗണന നൽകി ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണ ആനുകൂല്യം നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2536/2025/LSGD തീയതി,തിരുവനന്തപുരം, 20-10-2025

---

പരാമർശം:-

1. പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 26/07/2025 ലെ അടിയന്തര യോഗത്തിന്റെ 4(2) നമ്പർ തീരുമാനം
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20/08/2025 ലെ 4446/സി.സി/2019/ലൈഫ് നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 15/09/2025 ലെ യോഗത്തിന്റെ ഖണ്ഡിക (4.13) തീരുമാനം

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ കടുവാക്കുഴി, കുന്നുംപുറത്ത് വീട്ടിൽ ശ്രീമതി ലേഖ എൽ ക്രമനമ്പർ 402 ആയി ഉൾപ്പെട്ടിട്ടുണ്ട്. കിഡ്നി രോഗിയായ ടിയാൾ മണ്ണു കൊണ്ട് നിർമ്മിച്ച ടാർപ്പോളിൻ ഷീറ്റ് മേഞ്ഞവീട്ടിലാണ് താമസിക്കുന്നത്. കനത്ത മഴയിൽ പകുതിയിൽ താഴെ മണ്ണിടിഞ്ഞ് വീണ് ഒരു മുറി മാത്രം അവശേഷിക്കുന്ന വീട്ടിൽ താമസിക്കുന്ന മൂന്നു പെൺമക്കളുള്ള കിഡ്നി രോഗിയായ ശ്രീമതി ലേഖയുടെ ജീവിത സാഹചര്യം പരിഗണിച്ച് ലൈഫ് പദ്ധതിയുടെ സീനിയോരിറ്റി ലിസ്റ്റിൽ മുൻഗണന നൽകി ആനുകൂല്യം നൽകുന്നതിനായി സർക്കാരിനോടു അനുമതി തേടാൻ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് പരാമർശം 1 പ്രകാരം തീരുമാനിച്ചു. ശ്രീമതി. ലേഖയുടെ കുടുംബത്തിന് പ്രത്യേക പരിഗണന നൽകാവുന്നതാണെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്തു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15/09/2025 ലെ യോഗം ഈ വിഷയം പരിശോധിച്ചു. കുടുബത്തിന്റെ പ്രത്യേക സാഹചര്യവും, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശിപാർശയും പരിഗണിച്ച് തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട കടുവാക്കുഴി, കുന്നുംപുറത്ത് വീട്ടിൽ ശ്രീമതി ലേഖ എൽ -ന് മുൻഗണന നൽകി ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ശ്രീമതി ലേഖ എൽ, കുന്നുംപുറത്ത് വീട്, കടുവാകുഴി (സെക്രട്ടറി, പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 21-10-2025 12:57:33
സെക്ഷൻ ഓഫീസർ